# വിദേശ രാജ്യത്ത് താമസിച്ചുകൊണ്ട് ഇന്ത്യൻ പൗരന് ഇന്ത്യയിൽ മുൻകൂർ ജാമ്യാപേക്ഷ നല്കാനാവില്ല

## കേരള ഹൈക്കോടതി

B.A. No. 1191/2020 Dt. 13.7.2020

ഷാഫി എസ്.എം. x സ്റ്റേറ്റ് ഓഫ് കേരള

പരാതിക്കാരനായ മുഹമ്മദ് ഷമീം പ്രതിയായ ഷാഫിയുടെ സൗദി അറേബ്യയിലുള്ള ബിസിനസ്സിൽ മൂന്ന് കോടി രൂപ നിക്ഷേപിച്ചു. ഐ.ഡി.എൽ. ബിൽഡിങ് മറ്റീരിയൽ എന്ന വ്യാപാര സ്ഥാപനമാണ് പ്രതി നടത്തുന്നത്. രണ്ട് വർഷത്തിനുള്ളിൽ നിക്ഷേപത്തുകയും ലാഭത്തിന്റെ അറുപത് ശതമാനവും പരാതിക്കാരന് നല്കാമെന്നാണ് പ്രതി വാഗ്ദാനം ചെയ്തത്. ലാഭ വിഹിതമായി ഇരുപത് ലക്ഷം രൂപ പ്രതി ഒരു തവണ പരാതിക്കാരന് നല്കിയതല്ലാതെ പിന്നീട് അയാളിൽ നിന്ന് യാതൊരു പ്രതികരണവുമുണ്ടായില്ല. താൻ വഞ്ചിക്കപ്പെട്ടുവെന്ന് തിരിച്ചറിഞ്ഞ പരാതിക്കാരൻ പ്രതിക്കെതിരെ ഡി.ജി.പി.ക്ക് പരാതി നല്കി. ഡി.ജി.പി. ആ പരാതി ക്രൈംബ്രാഞ്ചിന് കൈമാറി. അന്വേഷണം നടത്തിയ ക്രൈംബ്രാഞ്ച് പ്രതിക്കെതിരെയുള്ള കുറ്റപത്രം സമർപ്പിച്ചു. വിവരമറിഞ്ഞ പ്രതി തിരുവനന്തപുരം സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ നല്കി. അത് തള്ളപ്പെട്ടതിനെത്തുടർന്ന് പ്രതി ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചു. സൗദി അറേബ്യയിൽ താമസിച്ചുകൊണ്ടാണ് അയാൾ ജാമ്യാപേക്ഷ നല്കിയത്. അവധി അനുവദിച്ചുകിട്ടിയാൽ നാട്ടിലേക്ക് വരാൻ ഉദ്ദേശിക്കുകയാണെന്നും അപ്രകാരം നാട്ടിൽ വരുമ്പോൾ അറസ്റ്റ് ചെയ്യപ്പെട്ടാൽ ജാമ്യം നല്കണമെന്നുമാണ് പ്രതി ആവശ്യപ്പെട്ടത്. ഇന്ത്യ വിട്ടുപോകരുത് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ജാമ്യം അനുവദിക്കണമെങ്കിൽ പ്രതി ഇന്ത്യയിലായിരിക്കണമെന്നും വിദേശത്തിരുന്നുകൊണ്ട് നല്കുന്ന മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കാനാവില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഇന്ത്യക്ക് പുറത്ത് വസിച്ചുകൊണ്ട് ഇന്ത്യയിലെ കോടതികളിൽ ജാമ്യാപേക്ഷ സമർപ്പിക്കാനാവില്ലെന്ന് ഹൈക്കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. പ്രതിയുടെ ജാമ്യാപേക്ഷ നിയമപ്രകാരം നിലനില്ക്കില്ലെന്നു കണ്ട് ഹൈക്കോടതി തള്ളിക്കളഞ്ഞു.